**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4090** **27-10-2021 - ൽ മറുപടിയ്ക്ക്**

**നഗര പ്രദേശങ്ങളിൽ സ്റ്റാറ്റ്യൂട്ടറി മാസ്റ്റർ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. എ. രാജ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നഗര പ്രദേശങ്ങളിൽ സ്റ്റാറ്റ്യൂട്ടറി മാസ്റ്റർ പ്ലാനുകളും വിശദമായ നഗരാസൂത്രണ പദ്ധതിയും തയ്യാറാക്കുന്ന പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ നഗരസഭ പ്രദേശങ്ങളുടെയും ആസൂത്രിത വികസനത്തിനായി 'മാസ്റ്റർ പ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ' എന്ന പ്ലാൻ പദ്ധതിയുടെ കീഴിൽ ഘട്ടങ്ങളിലായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി വരികയാണ്. ഇത്തരത്തിൽ, 93 നഗരസഭ പ്രദേശങ്ങൾക്കുമായി 86 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിൽ, 19 എണ്ണം അംഗീകരിക്കുകയും 24 എണ്ണത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും അറിയിക്കുന്നതിനായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്നവയുടെ തയ്യാറാക്കൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. കൂടാതെ, 'മാസ്റ്റർപ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ' എന്ന പ്ലാൻ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ നിലവിലുള്ള അംഗീകൃതവും പ്രസിദ്ധീകൃതവുമായ 148 വിശദ നഗരാസൂത്രണ പദ്ധതികൾ ഭേദഗതി ചെയ്യുന്നതിനോ പുതുക്കുന്നതിനോ പുനഃപ്രസിദ്ധീകരിക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ആവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രളയത്തിന്റെയും ഉരുൾപൊട്ടലിന്റെയും പശ്ചാത്തലത്തിൽ പട്ടണങ്ങളെ ദുരന്തമുക്തവും സുരക്ഷിതവുമാക്കുന്നതിന് നിലവിലുള്ള മാസ്റ്റർപ്ലാനുകളിൽ പരിഷ്കരണം അനിവാര്യമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | ആവർത്തിച്ച് വരുന്ന പ്രളയത്തിന്റെയും ഉരുൾപൊട്ടലിന്റെയും പശ്ചാത്തലത്തിൽ, മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ ദുരന്തം, ദുർബലത, ദുരന്ത സാധ്യത എന്നിവ സംബന്ധിച്ച സാന്ദർഭിക വിശകലനവും ലഘൂകരണവും പൂർവ്വ സ്ഥിതി പ്രാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉൾപ്പെടുത്തണം എന്ന വ്യവസ്ഥ കേരള നഗര -ഗ്രാമാസൂത്രണ ആക്റ്റ് 2016-ന്റെ ഭേദഗതിയിലൂടെ നിലവിൽ കൊണ്ട് വന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതുതായി തയ്യാറാക്കുന്ന, മാസ്റ്റർ പ്ലാനുകളിൽ അതിനനുസൃതമായ വിശകലനങ്ങളും നിർദ്ദേശങ്ങളും |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തുന്നുണ്ട്. കൂടാതെ, risk informed എന്ന രീതിയിൽ ചെങ്ങന്നൂർ, മാനന്തവാടി എന്നീ പട്ടണങ്ങൾക്കുള്ള കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ